"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് — എ.ഐ.പി.സ്കൂളുകൾ — 09.09.2021-ന് മുമ്പ് നിയമനം ലഭിച്ചെങ്കിലും സ.ഉ.(കൈ)നം.40/2026/പൊ.വി.വ. തീയതി 28.02.2026പ്രകാരം നിയമനാംഗീകാരം അനുവദിച്ച അധ്യാപകരുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ ശ്രീമതി. കൗലത്ത് കെയുടെയും ശ്രീമതി അഫ്സത്ത് ടി.പിയുടെയും 09.09.2021-ലെ ജി.ഒ.(എം.എസ്.)നം. 196/2021/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി നിയമനാംഗീകാരം നൽകി ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

G.O.(Ms)No.133/2026/GEDN തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. 09.09.2021-ലെ ജി.ഒ.(എം.എസ്.) നം.196/2021/പൊ.വി.വ.
2. 28.02.2026-ലെ സ.ഉ.(കൈ) നം.40/2026/പൊ.വി.വ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10-03-2026ലെ DGE/14225/2023-NEP3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം, എ.ഐ.പി. സ്കൂളുകളിൽ 09.09.2021-ന് മുമ്പ് നിയമനം ലഭിച്ച 34 അധ്യാപകർക്കും ഒരു അനധ്യാപക ജീവനക്കാരനും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി നിയമനാംഗീകാരം അനുവദിച്ച് ഉത്തരവായിരുന്നു.

2. പരാമർശം (2) സർക്കാർ ഉത്തരവിന് അടിസ്ഥാനമായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിൽ **ക്രസന്റ് പബ്ലിക് സ്കൂൾ, പനമരം, വയനാട്** സ്കൂളിലെ **ശ്രീമതി കൗലത്ത് കെ. (FJLTA, 01.06.2010 മുതൽ)**, **ശ്രീമതി അഫ്സത്ത് ടി.പി. (LPST, 27.08.2016 മുതൽ)** എന്നിവരുടെ പേരുകൾ ഉൾപ്പെട്ടിരുന്നില്ല.. ടി അധ്യാപകർ 09.09.2021-ന് മുമ്പ് നിയമനം ലഭിച്ചവരും തുടർച്ചയായി സേവനത്തിലിരിക്കുന്നവരുമാണെന്നും അതിനാൽ ടി അധ്യാപകർക്ക് കൂടി നിയമനാംഗീകാരം നൽകണമെന്നും വയനാട് വിദ്യാഭ്യാസ ഉപ ഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിനാൽ, പരാമർശം (1) ഉത്തരവിന്റെ തീയതിക്കു മുൻപ് നിയമനം ലഭിച്ചിട്ടും നിയമനാംഗീകാരം ലഭിക്കാതിരുന്നതും, പരാമർശം (2) സർക്കാർ ഉത്തരവിൽ ഉൾപ്പെടാതെ പോയതുമായ 01.06.2010 മുതൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. കൗലത്ത് കെയുടേയും, 27.08.2016 മുതൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി അഫ്സത്ത് ടി.പി യുടെയും കാര്യത്തിൽ പരാമർശം

(1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് നിയമനം നൽകുന്നതിനാവശ്യമായ തസ്തികകൾ നിലവിലുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം,നിയമനാംഗീകാരം നൽകിയാൽ മതിയെന്ന വ്യവസ്ഥയിൽ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച് നിയമനാംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR D SAJITH BABU I A S
SPECIAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പിന് (05.08.2026-ലെ ഇനം 131 അനുസരിച്ച്)
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പിന്
(E-2168056/EDN-A1/190/2022-FIN dated 27.03.2026)
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Asha Rani M
Date: 07-08-2026
10:51:48
സെക്ഷൻ ഓഫീസർ

പകർപ്പ് .-ബഹ:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹ:പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്